കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

**e-mail:doklm.ksad@kerala.gov.in**

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ എസ്. എ.കെ.എൽ. എം.പി-6/286/19

കേരള സംസ്ഥാന ഓഡിറ്റ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല.

തീയതി.4/4/19

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :കൊട്ടാരക്കര. ബ്ലോക്ക്പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഭാഗം 3-ലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസി. ഡെവലപ്മെന്റ് കമ്മീഷണർ , കൊല്ലം

3)കാര്യാലയ പകർപ്പ്

നം. കെ. എസ്. എ .കെ.എൽ എം.പി-6/286/19 തീയതി:4.4.19

## കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.**)**

കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-06-2017 മുതൽ 22-01-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-02-2019 മുതൽ 23-02-2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ജി.സജികുമാർ. | ഓഡിറ്റ്ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി.പത്മകുമാരി. എൽ. | അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി.ജയകുമാരി അമ്മ.ജി. | സീനിയർ ഗ്രേഡ് ഓഡിററർ |
| | ശ്രീമതി. താര.ടി. | ഓഡിററർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ എസ്.ശശികുമാർ. | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീഎം.എസ്.അനിൽ കുമാർ | 01-04-2017മുതൽ 31-03-2018 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. എക്സി. എഞ്ചിനീയർ | ശ്രീമതി.എസ്. സുനിതാ കുമാരി<br>ശ്രീ. ഗിരീഷ് വി. ആർ | 01-04-2017മുതൽ 16-09-2017 വരെ<br>17-09-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ സി. എച്ച്.സി, നെടുമൺകാവ്. | ഡോ.ജ്യോതിലാൽ. | 01-04-2017മുതൽ 31-03-2018 വരെ |
| ശിശു വികസനപദ്ധതി ഓഫീസർ. | ശ്രീമതി. ശാന്ത.ടി.എൽ | 01-04-2017മുതൽ 31-03-2018 വരെ |
| കൃഷി അസി.ഡയറക്ടർ. | ശ്രീ. ലൂയിസ് മാത്യൂ | 01-04-2017 മുതൽ 31-03-2018 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീമതി. ഷേബ സുഗതൻ | 01-04-2017 മുതൽ 19-07-2017 വരെ |
| | ശ്രീമതി.ബീന.ബി.എച്ച് | 20-07-2017 |

| | | |
|---|---|---|
| | | മുതൽ 31-03-2018 വരെ |
| പട്ടികജാതിവികസന ഓഫീസർ | ശ്രീ.കെ. പ്രസാദ് | 01-04-2017 മുതൽ 15-07-2017 വരെ |
| | ശ്രീ.കെ.സുനിൽകുമാർ | 16-07-2017 മുതൽ 24-09-2017 വരെ |
| | ശ്രീ.സുനിൽ.എം.എസ് | 25-09-2017 മുതൽ 31-03-2018 വരെ |
| വ്യവസായവികസന ഓഫീസർ | ശ്രീ.ബിജു.ടി.എസ് | 01-04-2017 മുതൽ 31-03-2018 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| | ഭാഗം 2 | |
| 12 | ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്തുപ്രവൃത്തികളുടെ ടെണ്ടർ ഫാറവില പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. | 2-1 |
| | ഭാഗം 3 | |

| | | |
|---|---|---|
| 13 | പഞ്ചായത്തുകൾക്ക് മാലിന്യ സംസ്കരണ പ്രോജക്ടിലേയ്ക്ക് വിഹിതം 20/18, 4 പഞ്ചായത്തുകൾക്ക് നല്കേണ്ട വിഹിതം ഒരു പഞ്ചായത്തിന് മാത്രമായി നല്കി- തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- 12,36,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-1 |
| 14 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- 22,44,000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-2 |
| 15 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. | 3-3 |
| 16 | യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽനിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയിട്ടില്ല- 13638/- രൂപയുടെ നഷ്ടം | 3-4 |
| 17 | ഐ.എ.വൈ,പി.എം.എ.വൈ -ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 3-5 |
| 18 | പാലിന് സബ്സിഡി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-6 |
| 19 | പശു വളർത്തൽ | 3-7 |
| 20 | സംരംഭകത്വവികസനത്തിന് റിവോൾവിംഗ് ഫണ്ട് -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-8 |
| 21 | അംഗപരിമിതർക്കുള്ള സമഗ്രവികസനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-9 |
| 22 | സി.എച്ച്.സി യ്ക്ക് മരുന്നുവാങ്ങൽ -മരുന്നുകൾ നാളിതുവരെയും ലഭിച്ചിട്ടില്ല | 3-10 |
| 23 | പ്രീമെട്രിക് ഹോസ്റ്റൽ ദൈനംദിന ചെലവ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-11 |
| 24 | വിദ്യാർത്ഥികൾക്ക് ട്യൂഷൻ- അപാകതകൾ | 3-12 |
| 25 | പ്രവർത്തനം ആരംഭിക്കാത്ത കാർഷിക ഉത്പന്ന സംഭരണ വിതരണകേന്ദ്രത്തിന് തുക ചെലവഴിച്ചു. | 3-13 |
| | ഭാഗം 4 | |
| 26 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ | 4-2 |

| | | |
|---|---|---|
| | വിവരങ്ങൾ | |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 29 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപം | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 33 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 36 | അനുബന്ധം 1 | |
| 37 | അനുബന്ധം 2 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

24-03-2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 28-03-2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 14-06-2017 | -- | --- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | | കെ.എസ്.എ.കെ.എൽ.എംപി-6/1115/18 തീ. 21-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,10,23,892 |
| വരവ് | 11,70,96,634 |
| ആകെ | 15,81,20,526 |
| ചെലവ് | 15,30,20,269 |
| നീക്കിയിരിപ്പ് | 51,00,257 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 3,23,49,531 | 3,23,49,531 | 3,08,94,031 | 14,55,500 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 1,79,16,000 | 1,79,16,000 | 1,79,16,000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 78,000 | 78,000 | 78,000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | - | - | - | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 41,23,000 | 41,23,000 | 41,23,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | - | - | - | - |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | - | - | - | - | - |
| സാക്ഷരത | | - | - | - | - | - |
| ദുരിതാശ്വാസനിധി | | - | - | - | - | - |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 1,126.59 | 1,126.59 | 1,126.59 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6,550 | 5,68,726 | 5,75,276 | 5,71,280 | 3,894 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | 2,27,392 | 94,378 | 3,21,770 | 48,055 | 2,73,715 |
| | MP LAD | 2,78,626 | 38,06,832 | 40,85,458 | 37,94,908 | 2,90,550 |
| | IAY(Admn) | 16,512 | 2,31,084 | 2,47,596 | 2,47,385 | 211 |
| | IAY( ) | 30,192 | 32,777 | 62,969 | 62,969 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (കേരളോത്സവം ) | | 0 | 20,000 | 20,000 | 20,000 | 0 |
| MLA Fund | | 0 | 23,80,527 | 23,80,527 | 23,80,216 | 381 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | 84,44,604 | 27,14,000 | 1,11,58,,604 | 43,08,843 | 7,35,376 |
| | ജില്ലാ പഞ്ചായത്ത് | 11,53,903 | 3,22,52,683 | 4,34,06,586 | 1,52,19,374 | 2,,81,87,212 |
| ബി ഫണ്ട് | | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2,18,57,670 | 6,62,12,450 | 8,80,70,120 | 8,58,68,265 | 22,01,855 |
| | ട്രഷറി അക്കൗണ്ട് | 40,48,312 | 35,83,378 | 76,31,690 | 72,52,466 | 3,79,224 |
| മറ്റിനം | | | | | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ ക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാക്കാ ത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജ ക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 102 | 12,34,33,483 | 73 | 5,50,64,437 | 26 | 3 | 71.57% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6,550 | 5,68,726 | 5,72,706 | 5,71,280 | 3,894 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-02-2019 ന് സെക്രട്ടറി ശ്രീ.എം. എസ്. അനിൽകുമാറിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച നൽകുകയും ചെയ്തിട്ടുണ്ട്.ബജറ്റ് സംവിധാനത്തിലൂടെ വരവ് ചെലവുകൾ അവലോകനം ചെയ്ത വരുന്നുണ്ട്. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത് വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ടെങ്കിലും അതാത് ദിവസത്തെ വരവുകൾ കൃത്യമായി ഡേ ബുക്കിൽ എൻട്രി വരുത്തുന്നില്ല. മാന്വൽ രസീത് നൽകുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ പാലിക്കുന്നില്ല. സാംഖ്യ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ വരവുകൾ സ്വീകരിക്കുന്നില്ല, കൈകൊണ്ടെഴുതുന്ന രസീതുകളാണ് കൂടുതൽ ഉപയോഗിക്കുന്നത്.

സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്ത സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03-09-18 മുതൽ 11-09-18 വരെ | 2017-18 | 13-02-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24-03-2017 | 2011-12 മുതൽ 2015-16 വരെ | 18-05-2017 |

## 1-11 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

**<u>2017-18 സാമ്പത്തികവർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.</u>**

1.ലോൺ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ലോൺ തുകയുടെ (വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടയിരുന്നതും വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

2.ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക ബാങ്ക് പാസ്സ് ബുക്ക്/സ്റ്റേറ്റ്മെന്റുമായി പ്രതിമാസം പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3.നിക്ഷേപങ്ങളുടെ രജിസ്റ്റർ കൃത്യമായ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബി7 ഷെഡ്യൂളിലുൾപ്പെട്ട നിക്ഷേപങ്ങളുടെ ഇനം തിരിച്ചുള്ള തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

4.ഡെപ്പോസിറ്റ് വർക്കിന്റേയും അഡ്വാൻസിന്റേയും രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി 18 ഷെഡ്യൂളിലെ ബാലൻസ് തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

5.ബി 9 ഷെഡ്യൂളിൽ other liabilities ഇനത്തിൽ നീക്കിയിരിപ്പുള്ള 1,33,72,729/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

6.ബി 9 ഷെഡ്യൂളിൽ വാറ്റ് ഇനത്തിൽ 960/-രൂപ ബാലൻസുണ്ടെങ്കിലും, ബാങ്ക് ബുക്ക് പ്രകാരം തുക സാമ്പത്തികവർഷം തന്നെ ഒടുക്കിയിട്ടുള്ളതായി കാണുന്നു.

7.ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് I(4)(b)-140100104 Registration fee from contractor ഇനത്തിൽ 14,850/-രൂപയുടെ ഡിമാന്റ്, ആർപി.4 ഇതേ ഹെഡിൽ വരവ് വന്നിട്ടുള്ളത് തെറ്റായ വരവായതിനാൽ 220800199 ഹെഡിൽ തിരികെ ഒടുക്കികാണുന്നു. എന്നാൽ ലഡ്ജറിൽ 140100104 ഹെഡിൽ ക്രെഡിറ്റ് ബാലൻസ് ഉള്ളതായും ബോദ്ധ്യപ്പെട്ടു. ഇത് ക്രമീകരിക്കേണ്ടതാണ്.

8.രജിസ്റ്റർ, ഫയൽ എന്നിവയുടെ അഭാവത്തിൽ ലേല ഇനത്തിലെ വരവിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

9.ആസ്തിരജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ലാത്തതിനാൽ ആസ്തി സംബന്ധമായ വിവരങ്ങളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

10.MGNREGS, MLA Fund, സംയുക്ത പ്രോജക്ടുകളുടെ തുകകൾ വാർഷികക്കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർക്രെഡിറ്റ് ചെയ്തിട്ടില്ല.

ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്തുപ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടെണ്ടർ ഫാറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുകകളുടെ വിശദവിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം2,തീ.22-02-2019) മറുപടി നല്കിയിട്ടില്ല

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിൽ ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്തുപ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റു ചെയ്തിട്ടുള്ള മുഴുവൻ തുകയും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്തുകൾക്ക് മാലിന്യ സംസ്ക്കരണ പ്രോജക്ടിലേയ്ക്ക് വിഹിതം (20/18), 4 പഞ്ചായത്തുകൾക്ക് നല്കേണ്ട വിഹിതം ഒരു പഞ്ചായത്തിന് മാത്രമായി നല്കി,തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല 12,36,000/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ തുക -രൂ.12,36,000 (വികസനഫണ്ട്, പൊതുവിഭാഗം)

പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റിലേയ്ക്ക് നല്കുന്നതിനുവേണ്ടി കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട എഴുകോൺ, പൂയപ്പള്ളി, കരീപ്ര, വെളിയം, നെടുവത്തൂർ എന്നീ 5 പഞ്ചായത്തുകൾക്ക് 2,47,200/- രൂപ വീതം വിഹിതം നല്കുന്നതിലേയ്ക്കായി ആവിഷ്കരിച്ച ടി പ്രോജക്ടിന്റെ ചെലവുവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം | പഞ്ചായത്ത് | ബിൽ നമ്പർ | തുക |
|---|---|---|---|
| 1 | എഴുകോൺ | 22/17-18,തീയതി 17-10-2018 | 2,47,200 |
| 2 | നെടുവത്തൂർ | 27/17-18, തീയതി 31-10-2017 | 9,88,800 |
| | ആകെ | | 12,36,000 |

പൂയപ്പള്ളി, കരീപ്ര, വെളിയം, നെടുവത്തൂർ എന്നീ 4 പഞ്ചായത്തുകൾക്ക് നല്കേണ്ട വിഹിതം നെടുവത്തൂർ ഗ്രാമപഞ്ചായത്തിന് മാത്രമായി നല്കിയിരിക്കുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും, തുകയുടെ വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ടും നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-1, തീ.21-02-2019) മറ്റു ഗ്രാമപഞ്ചായത്തുകൾ ആവശ്യപ്പെടാതിരുന്നതിനാലാണ് നെടുവത്തൂർ ഗ്രാമപഞ്ചായത്തിനു മാത്രമായി തുക നൽകിയതെന്ന് മറുപടി നല്കി . കൂടാതെ തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 12,36,000/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3-2 വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല, 22,44,000 രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെകൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഒടുക്കു വരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്ര.നം | പ്രോജക്റ്റ് | തുക സ്വീകരിച്ച സ്ഥാപനം | ബിൽ നം | തുക |
|---|---|---|---|---|
| 1 | തച്ചൻകോട് ആല്യംമുക്ക് തച്ചർ കോളനി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ(85 /18) | കേരള വാട്ടർ അതോറിറ്റി | 16 17-18, തീ 10-08-2017 | 14,44,000 |
| 2 | പാലിയേറ്റീവ് കെയർ, ഗ്രാമ പഞ്ചായത്തുകൾക്ക് പാലിയേറ്റീവ് വിഹിതം നല്കൽ (17 /18) | നെട്ടുവത്തുർ ഗ്രാമപഞ്ചായത്ത് | 5 /17-18 തീ13-07-2017 | 2,00,000 |
| | | പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | 5 /17-18 തീ13-07-2017 | 2,00,000 |
| | | വെളിയം ഗ്രാമപഞ്ചായത്ത് | 10/ 17-18 തീ 21-07-2017 | 2,00,000 |
| | | എഴുകോൺ ഗ്രാമപഞ്ചായത്ത് | 10/17-18 തീ 21-07-2017 | 2,00,000 |
| | | ആകെ | | 22,44,000/- |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ 22,44,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ ആദ്യവാർഷികപദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഓ(എം.എസ്) നം.72/2017/lsgd തീയതി 29-03-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. റോഡ് നിർമ്മാണപ്രോജക്ടിനൊപ്പം റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്റ്റ് പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നാളിതുവരെയും റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് അതിൻപ്രകാരം റോഡ് പ്രവൃത്തികൾ ചെയ്യാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-4 യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയിട്ടില്ല, 13,638/- രൂപയുടെ നഷ്ടം

ഒരു പ്രവൃത്തിയുടെ കരാർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നല്കിയാൽ 14 ദിവസത്തിനകം കരാറിൽ ഏർപ്പെടേണ്ടതാണ്. തുടർന്നുവരുന്ന 10 ദിവസത്തേയ്ക്ക് കരാർ തുകയുടെ 1% തുക ഈടാക്കിക്കൊണ്ട് കരാർ വയ്ക്കാവുന്നതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ കരാർ വയ്ക്കാതിരുന്നാൽ കരാർ വയ്ക്കുന്നതിനുള്ള നിർദ്ദേശം റദ്ദുചെയ്ത് നിരതദ്രവ്യം സ്ഥാപനത്തിൽ മുതൽക്കൂട്ടേണ്ടതാണ്.

താഴെക്കൊടുത്തിട്ടുള്ള മരാമത്തുപ്രവൃത്തികളിൽ യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽനിന്നും ക്രമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് | പിഴ കൂടാതെ കരാറിലേർപ്പെടേണ്ട അവസാന തീയതി | കരാറിലേർപ്പെട്ട തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| 1 | മജിസ്ട്രേട്ട് മുക്ക് വാഴോട്ട് കോളനി റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-6,00,000/-<br>കരാർ തുക-5,37,258/- | 23-12-2016 | 01-01-2017 | 5,373/- |
| 2 | മുസ്ലീംപള്ളി നെടുമ്പായിക്കുളം റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-5,00,000/-<br>കരാർ തുക-4,51,385 | 23-12-2016 | 04-01-2017 | 4,514/- |
| 3 | പാരിപ്പള്ളി പരുത്തും പാറ റോഡ്<br>അടങ്കൽ തുക-5,00,000/-<br>കരാർ തുക-375123 | 23-12-2016 | 30-03-2017 | 3,751/- |
| | | | ആകെ | 13,638/- |

യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽനിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് 13,638/- രൂപയുടെ നഷ്ടം സംഭവിച്ചു. ഇത് സംബന്ധിച്ച് 23.02.2019-ൽ 7-ാം നമ്പരായി നല്കിയ ഓഡിറ്റ്

അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽനിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നോ ബന്ധപ്പെട്ട കരാറുകാരിൽനിന്നോ ടി തുക ഈടാക്കി തനതുഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-5 ഐ.എ.വൈ,പി.എം.എ.വൈ -ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഐ.എ.വൈ,പി.എം.എ.വൈ ഭവനപദ്ധതിപ്രകാരം 2016-17 വർഷം എഗ്രിമെന്റിൽ ഏർപ്പെട്ട ചുവടെപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | RTGSനം./തീയതി |
|---|---|---|
| തങ്കമണിയമ്മ<br>രാഹുൽ ഭവനം | 48,000<br>96,000 | 41116/4/31.3.17<br>899139/1/28.6.17 |
| ശശി.സി<br>കുന്നുവിളവീട് | 48,000<br>40,000<br>50,000 | 36152/4/7.2.17<br>2161809/3/14.3.18<br>2161825/2/16.4.18 |
| മണിയമ്മ<br>വലിയവിളവടക്കേതിൽ<br>ഇടയ്ക്കോട് | 48,000 | 36152/7.2.17 |

ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം തുക തിരിച്ചടയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
എൻക്വയറി നം. 6A/23.2.19

## 3-6 പാലിന് സബ്സിഡി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| നിർവ്വഹണോദ്യോഗസ്ഥൻ | ക്ഷീരവികസന ഓഫീസർ |
|---|---|
| പ്രോജക്റ്റ് നം/ പേര് | 30/18,<br>പാലിന് സബ്സിഡി |
| അടങ്കൽ തുക | 20,00,000/-<br>(വികസനഫണ്ട് ജനറൽ), |
| | |

| | |
|---|---|
| ചെലവഴിച്ച തുക | തുക 20,00,000/-<br>(ബിൽ നം 2/20-10-17 , |

മേൽപദ്ധതിവഴി പാലിന് സബ്സിഡി നല്കുന്നതിനുള്ള ബ്ലോക്കുപഞ്ചായത്ത് വിഹിതമായി 20,00,000 രൂപ ചുവടെചെർക്കും പ്രകാരം 5 ഗ്രാമപഞ്ചായത്തുകൾക്കായി നൽകിയിട്ടുണ്ട്.

| പഞ്ചായത്തിന്റെ പേര് | നൽകിയ തുക |
|---|---|
| വെളിയം | 5 ലക്ഷം |
| പൂയപ്പള്ളി | 4 ലക്ഷം |
| നെടുവത്തൂർ | 4 ലക്ഷം |
| കരീപ്ര | 4 ലക്ഷം |
| എഴുകോൺ | 3 ലക്ഷം |

മേൽ ഗ്രാമപഞ്ചായത്തു സെക്രട്ടറിമാരുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ടി പഞ്ചായത്തുകളുടെ പാലിന് സബ്സിഡി നല്കുന്നതിന്റെ പ്രോജക്ടുകളോ തുകകൾ ചെലവഴിച്ചതായുള്ള അതാതു സെക്രട്ടറിമാരുടെ വിനിയോഗസാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ ചെലവുതുക രൂപ 20 ലക്ഷം തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സൂചിപ്പിച്ചു നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം 6/25-2-19,

തടസ്സപ്പെടുത്തിയ തുക-20,00,000/-

## 3-7 പശു വളർത്തൽ

| നിർവ്വഹണോദ്യോഗസ്ഥൻ | **ക്ഷീരവികസന ഓഫീസർ** |
|---|---|
| പ്രോജക്റ്റ് നം/ പേര് | 109/18-,<br>പശു വളർത്തൽ |
| അടങ്കൽ തുക | 65,00,000/-<br>(വികസനഫണ്ട് ജനറൽ 32,50,000/- ബാങ്ക് ലോൺ-32,50,000/- ), |
| ചെലവഴിച്ച തുക | തുക 30,00,000/-<br>(ബിൽ നം3/6-3-18 - 18,75,000/- ,<br>ബിൽ നം 4/9-3-18 – 7,50,000/-,<br>ബിൽ നം 5/28-3-18 - 2,50,000/-,<br>ബിൽ നം 7/31-3-18 - 1,25,000/- |

മേൽ പദ്ധതി വഴി സ്വയം സഹായസംഘങ്ങളിലെ അംഗങ്ങളായ 5 പേരടങ്ങിയ 24 ഗ്രൂപ്പുകൾക്ക് വികസനഫണ്ടിൽനിന്നും ഗ്രൂപ്പൊന്നിന് 1,25,000/-രൂപവീതം (5*25000) 30,00,000 രൂപ ഗ്രൂപ്പുകൾക്ക് ലോൺ അനുവദിച്ച ബാങ്കുകളിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. ഗ്രൂപ്പംഗങ്ങൾ പശുവിനെ വാങ്ങിയതിന്റെ വിലച്ചീട്ട് ഹാജരാക്കിയിട്ടുണ്ടെങ്കിലും പശുവിനെ നൽകിയ വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തു നൽകിയതിന്റെ രേഖകളോ ഗ്രൂപ്പുകളുടെ ബാങ്ക് അക്കൗണ്ടിന്റെ രേഖകളോ ലോൺ തിരിച്ചടവിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ പശു വളർത്തൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 30,00,000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം 6/25-2-19,

തടസ്സപ്പെടുത്തിയ തുക-30,00,000/-

## 3-8 സംരംഭകത്വ വികസനത്തിന് റിവോൾവിംഗ് ഫണ്ട് -പദ്ധതി നടത്തിപ്പിലെ അപാകതകൾ

| നിർവ്വഹണോദ്യോഗസ്ഥൻ | വ്യവസായവികസന ഓഫീസർ |
|---|---|
| പ്രോജക്റ്റ് നം/ പേര് | 108/18,കുടുംബശ്രീ യൂണീറ്റുകൾക്ക് മൈക്രോ സംരംഭങ്ങൾ |
| അടങ്കൽ തുക | 6,00,000/- [2,50,000/-(വികസനഫണ്ട് ജനറൽ),3,50,000/- |
| ചെലവഴിച്ച തുക | തുക 2,50,000/-(ബിൽ നം 1/7-3-18 ) |

വ്യവസായവികസനഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിവഴി പൗരാവലി എന്ന പേരിലുള്ള പുരുഷസ്വയംസഹായസംഘത്തിന് (പാണറ, വെണ്ടാർ, നെടുവത്തൂർ പഞ്ചായത്ത്) 2,50,000/- രൂപ റിവോൾവിംഗ് ഫണ്ടായി നല്കിയിട്ടുണ്ട്. മേൽ പദ്ധതിയുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. അംഗീകൃത പ്രോജക്റ്റ് ഹാജരാക്കാതെ റിവോൾവിംഗ് ഫണ്ട് നല്കി.

സബ്സിഡി മാർഗ്ഗരേഖ(go(ms) 80/17 lsgd dated 3-4-17) ഖ6.1.12 ൽ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നല്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ തദ്ദേശഭരണസ്ഥാപനം അപേക്ഷ ക്ഷണിക്കുന്നമുറയ്ക്ക് സംരംഭകർ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംരംഭം സംബന്ധിച്ച ഒരു പ്രോജക്റ്റ് പ്രൊപ്പോസൽ നല്കി രജിസ്റ്റർ ചെയ്യണമെന്നും സംരംഭകർ ബാങ്ക് ലോൺ ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തദ്ദേശഭരണ അനുമതികളും മറ്റ് ലൈസൻസുകളും ലഭ്യമാക്കി അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി പ്രവർത്തനം ആരംഭിച്ചാൽ നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് ബോദ്ധ്യപ്പെട്ട സംരംഭകരുമായി കരാറിലേർപ്പെട്ടതിനുശേഷം മാത്രമേ റിവോൾവിംഗ് ഫണ്ട് നല്കാവൂ എന്ന് വ്യക്തമാക്കുന്നുണ്ട്. മേൽ പദ്ധതിയിൽ തദ്ദേശഭരണ അനുമതികളും മറ്റ് ലൈസൻസുകളും ലഭ്യമാക്കി അടിസ്ഥാനസൗകര്യങ്ങൾ സജ്ജമാക്കി പ്രവർത്തനം ആരംഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും നടപ്പിലാക്കുന്ന സംരംഭം സംബന്ധിച്ച അംഗീകൃത പ്രോജക്റ്റ് ഹാജരാക്കിയിട്ടില്ല.

2.സബ്സിഡി മാർഗ്ഗരേഖ ഖ 6.2.1 പ്രകാരം അംഗീകൃത പ്രോജക്റ്റിന്റെ 10% തുക റിവോൾവിംഗ് ഫണ്ടായി അനുവദിക്കാവുന്നതാണെന്നും അടങ്കൽ തുക 5,00,000/- ത്തിൽ കുറവാണെങ്കിൽ 10% ത്തിൽ നിജപ്പെടുത്തിയും കൂടുതലാണെങ്കിൽ പരമാവധി പരിധിയിൽ നിജപ്പെടുത്തിയും നല്കേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ മേൽ സ്വയംസഹായസംഘം ബാങ്ക് ലോണായ 3,50,000/- രൂപയും റിവോൾവിംഗ് ഫണ്ടായ 2,50,000/- വും ഉപയോഗിച്ച് ഹയറിംഗ് & കാറ്ററിംഗ് സർവ്വീസ് തുടങ്ങിയതായാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഫയലിനോടൊപ്പം ഹാജരാക്കിയിട്ടുള്ള ചെലവുരേഖകൾപ്രകാരം 6,00,091/- രൂപയാണ് സംരംഭത്തിന് ചെലവഴിച്ചിട്ടുള്ളത്.

3.റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് തവണ തുക നിർവ്വഹണോദ്യോഗസ്ഥന്റെ പേരിൽ ആരംഭിക്കുന്ന റിവോൾവിംഗ് ഫണ്ട് റീക്കുപ്പ്മെന്റ് അക്കൗണ്ടിലേക്കാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും (ഖ 6.2.2) സ്വയം സഹായ സംഘത്തിന്റെ അക്കൗണ്ടിലേക്കാണ് തുക തിരികെ ഈടാക്കിയിട്ടുള്ളത്. മേൽ കാരണങ്ങളാൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 2,50,000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

മേൽ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം 4/22-2-19
തടസ്സപ്പെടുത്തുന്ന തുക-2,50,000/-രൂപ

# 3-9 അംഗ പരിമിതർക്കുള്ള സമഗ്ര വികസനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| **നിർവ്വഹണോദ്യോഗസ്ഥൻ** | **മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നെടുമൺകാവ്** |
| പ്രോജക്റ്റ് നം/ പേര് | 92/18, അംഗ പരിമിതർക്കുള്ള സമഗ്ര വികസനം |
| അടങ്കൽ തുക | 19,87,982/-<br>(വികസനഫണ്ട് ജനറൽ), |
| ചെലവഴിച്ച തുക | തുക 4,44,000/-<br>(ബിൽ നം 3/6-1-18- 120,000/-, ബിൽ നം 4/10-1-18 – 80,000/-,<br>ബിൽ നം 8/16-3-18 - 2,44,000/-) |

മേൽ പദ്ധതി നടത്തിപ്പിന് വേണ്ടി 2017-18 സാമ്പത്തികവർഷം 4,44,000/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അപാകതകൾ ചുവടെ ചേർക്കുന്നു.

1.നോട്ടീസ് അച്ചടിക്കൽ, അനൗൺസ്മെന്റ്, ബാനർ, ഇന്ധനച്ചെലവ്, മൈക്ക്, ഭക്ഷണം, ക്യാമ്പിൽ പങ്കെടുത്ത ഉദ്യോഗസ്ഥർക്ക് ഓണറേറിയം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ഒരു പഞ്ചായത്തിന് 40,000/ രൂപ വീതം ബ്ലോക്ക് പഞ്ചായത്തുപരിധിയിലുള്ള എഴുകോൺ, പൂയപ്പള്ളി, നെടുവത്തൂർ, കരീപ്ര, വെളിയം എന്നീ 5 പഞ്ചായത്തുകൾക്കുമായി 2,00,000/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും തുകകൾ യഥാ സ്ഥാപനങ്ങൾ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവുതുകകൾ എല്ലാംതന്നെ 1,000/- രൂപയ്ക്ക് മുകളിലുള്ളതായതിനാൽ (ഉദാഹരണം ചുവടെ) ധനവിനിയോഗമാർഗ്ഗരേഖകൾ (go(p)177/06 fin dtd 12-4-06) പ്രകാരം ചെക്ക് മുഖേനയോ ബാങ്ക് ട്രഷറി ട്രാൻസ്ഫർ മുഖേനയോ മാത്രമേ തുക നല്കാൻ കഴിയുകയുള്ളൂ. മേൽ വിഷയം സൂചിപ്പിച്ചുകൊണ്ട് നല്കിയ എൻക്വയറിയുടെ മറുപടിയിൽ ബാങ്ക് അക്കൗണ്ട് മുഖേന തുക നല്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. നിലവിൽ ബാങ്ക് അക്കൗണ്ടില്ലാത്ത വ്യക്തികൾ ഇല്ലാത്തതിനാലും ചെലവുകൾ ആകസ്മികമായി വന്ന ചെലവല്ലാത്തതിനാലും മേൽ മറുപടി അംഗീകരിക്കുന്നില്ല. അതിനാൽ വ്യക്തമായ ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്.

| ഉദാ. | പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലെ ചെലവ് | |
|---|---|---|
| ക്രമ നം | ചെലവിനം | ചെലവഴിച്ച തുക |
| 1 | നോട്ടീസ് | 12,000/- |
| 2 | അനൗൺസ്മെന്റ് | 2,050/- |
| 3 | ബാനർ | 2,500/- |

| | | |
|---|---|---|
| 4 | വാഹനം ഇന്ധനച്ചെലവ് | 4,500/- |
| 5 | മൈക്ക് | 3,500/- |
| 6 | ഭക്ഷണം | 3,000/- |
| 7 | കണ്ടിജൻസി | 2,450/- |
| 8 | ക്യാമ്പിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ അക്വിറ്റൻസ് | 10,000/- |
| | | 40,000/- |

<u>ക്വട്ടേഷൻ ക്ഷണിക്കാതെ നോട്ടീസ് പ്രിന്റിങ്ങിന് 60,000/- രൂപ ചെലവഴിച്ചു.</u>

മേൽ പദ്ധതിയിൽ 5 പഞ്ചായത്തിലേക്കുമുള്ള നോട്ടീസ് പ്രിൻറ് ചെയത് വാങ്ങിയതിന് എം.കെ,ബ്രദേഴ്സ് പേപ്പർ മാർട്ട് &പ്രസ്സ് ,ഓയൂർ എന്ന സ്ഥാപനത്തിന് 60,000/- (12000 *5) രൂപ നല്കിയിട്ടുണ്ട്. സ്റ്റോർ പർച്ചേസ് മാന്വൽ ഖ.7.5 പ്രകാരം 15,000/- രൂപയ്ക്കു മുകളിലുള്ളതും 1,00,000/- രൂപയിൽ താഴെയുള്ളതുമായ ഏത് വാങ്ങലുകളും ക്വട്ടേഷൻ മുഖേന നടപ്പിലാക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. നോട്ടീസ് പ്രിൻറിങ്ങിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 5 പഞ്ചായത്തുകൾക്കായി ചെലവഴിച്ച അകെ തുക 2,00,000/- രൂപ (5*40000) തടസ്സപ്പെടുത്തുന്നു.

2.ഹിയറിംഗ് എയിഡ് വാങ്ങി നല്കൽ- അപാകതകൾ

a)ഹിയറിംഗ് എയിഡുകൾ വാങ്ങി നല്കുന്നതിന്റെ ടെണ്ടർ നടപടി സംബന്ധിച്ച രേഖകളും ബിൽപ്രകാരം തുക നല്കിയതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും ഹിയറിംഗ് എയിഡ് മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ രേഖകളോ ഓരോ വ്യക്തിക്കും നിർണ്ണയിച്ച ശ്രവണ സഹായിയുടെ സ്പെസിഫിക്കേഷൻ സംബന്ധിച്ച രേഖകളോ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

b)മേൽ പദ്ധതിയിലേക്ക് ഹിയറിംഗ് എയിഡ് വാങ്ങിയ ഇനത്തിൽ ജെ.കെ.ഹിയറിംഗ് ക്ലിനിക്ക് എന്ന സ്ഥാപനത്തിന്റെ 2,44,000/-രൂപയുടെ ഇൻവോയ്സ് പ്രകാരം ടി തുക ട്രഷറിയിൽ നിന്ന് പിൻവലിച്ച് സി.എച്ച്.സി.അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീത് പ്രകാരം 2,31,800/- രൂപയാണ് സ്ഥാപനം കൈപ്പറ്റിയിട്ടുള്ളത്. ശേഷിക്കുന്ന 12,200/-രൂപയുടെ വിനിയോഗവിവരം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ എൻക്വയറിയുടെ മറുപടിയിൽ തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി ബാങ്ക് അക്കൗണ്ടിലുണ്ടെന്നറിയിച്ചെങ്കിലും പാസ്സ് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയില്ല. സ്റ്റോർ പർച്ചേസ് മാന്വൽ ഖ 8-17 to 8-20ൽ 1,00,000/ ൽ കൂടിയ വാങ്ങലുകൾക്ക് മൊത്തം കരാർ തുകയുടെ 5% തുക കരാറുകാരിൽനിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റായി (ക്യാഷ്,ഡിമാന്റ് ഡ്രാഫ്റ്റ് നാഷണൽ സേവിംഗ് സർട്ടിഫിക്കറ്റ്, ബാങ്ക്

ഡെപ്പോസിറ്റ് എന്നീ രൂപങ്ങളിൽ) കരാറുകാരിൽനിന്നും ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്.

മേൽ കാരണങ്ങളാൽ ഹിയറിംഗ് എയിഡ് വാങ്ങലിന് വേണ്ടി ചെലവഴിച്ച തുകയായ 2,44,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. തടസ്സം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

എൻക്വയറി നം.4/22-2-19,
ആകെ തടസ്സപ്പെടുത്തിയ തുക 4,44,000/- രൂപ ( 2,00,000 + 2,44,000/-)

## 3-10 സി.എച്ച്.സി യ്ക്ക് മരുന്നു വാങ്ങൽ -മരുന്നുകൾ നാളിതു വരെയും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സി.എച്ച്.സി-യ്ക്ക് മരുന്നുവാങ്ങൽ പദ്ധതിക്ക് (നം.49/18 അടങ്കൽ തുക MGNR 8,00,000/- ചെലവഴിച്ച തുക 5,38,917/- രൂപ ബിൽ നം 1/16-8-17) മരുന്ന് ലഭ്യമാക്കുന്നതിനായി KMSCL എന്ന സ്ഥാപനത്തിന് നൽകിയെങ്കിലും നാളിതുവരെയും മരുന്ന് ലഭ്യമായിട്ടില്ല. മേൽവിഷയം സൂചിപ്പിച്ചുകൊണ്ട് നൽകിയ എൻക്വയറിക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.
എൻക്വയറി നം. 5/22.2.19

## 3-11 പ്രീമെട്രിക് ഹോസ്റ്റൽ ദൈനം ദിന ചെലവ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

1.ചെലവ് തുക കൈമാറിയതിന്റെ ബാങ്ക് അക്കൗണ്ട് വിവരം ഹാജരാക്കിയില്ല

| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതിവികസന ഓഫീസർ |
|---|---|
| പ്രോജക്ട് നം/ പേര് | 28/18,പ്രീമെട്രിക് ഹോസ്റ്റൽ ദൈനംദിനചെലവ്. |
| അടങ്കൽ തുക | 5,00,000/-<br>(വികസനഫണ്ട് എസ്.സി.പി) |
| ചെലവഴിച്ച തുക | തുക 4,99,340/-<br>(ബിൽ നം 6/23-11-17 – 32,519/-,<br>ബിൽ നം 5/13-10-17 - 59,388/- ,ബിൽ നം 4/19-8-17 - 57,330/-<br>ബിൽ നം 3/19-8-17- 69,465/-<br>ബിൽ നം 17/26-3-18 - 2,228/-,<br>ബിൽ നം 18/26-3-18 - 35,080/-,<br>ബിൽ നം 10/9-3-18 - 81,274/-,<br>ബിൽ നം 8/10-2-18 - 1,61,656/-) |

പ്രീമെട്രിക് ഹോസ്റ്റൽ ദൈനംദിന ചെലവിനത്തിലുള്ള തുകകൾ മേൽ ബില്ലുകൾപ്രകാരം യഥാസ്ഥാപനങ്ങൾ/വ്യക്തികളുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും എഴുകോൺ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ അധീനതയിലുള്ള നീതിസ്റ്റോറിൽനിന്നും വാങ്ങിയ പലചരക്ക് സാധനങ്ങളുടെ വിലയിനത്തിലുള്ള തുക നീതിസ്റ്റോറിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുപകരം മഞ്ജുലാൽ എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്നത്.(IOB A/c no 30301000022020). മേൽ വിവരങ്ങളും നീതി സ്റ്റോറിന്റെ ബാങ്ക് അക്കൗണ്ട് വിവരവും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ഹാജരാക്കിയ രേഖകൾപ്രകാരം മേൽ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം / തീയതി | തുക | പലചരക്ക് സാധനങ്ങളുടെ വിലയിനത്തിൽ ട്രാൻസ്ഫർ ചെയ്ത തുക |
|---|---|---|
| ബിൽ നം 6/23-11-17 | 32,519/- | 11,461/- |
| ബിൽ നം 5/13-10-17 | 59,388/- | 23,030/- |
| ബിൽ നം 4/19-8-17 | 57,330/- | 24,266/- |
| ബിൽ നം 3/19-8-17 | 69,465/- | 35,145/- |
| ബിൽ നം 10/9-3-18 | 81,274/- | 31,357/- |
| | ആകെ | 1,25,259/- |

വ്യക്തമായ ബാങ്ക് അക്കൗണ്ട് രേഖകളുടെ അഭാവത്തിൽ നീതി സ്റ്റോറിന് ലഭിക്കേണ്ടയിനത്തിലുള്ള തുകയായ 1,25,259/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ തുക നീതി സ്റ്റോറിന്റെ അക്കൗണ്ടിൽ ഒടുക്കുവന്നതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം 9/23-2-19

തടസ്സപ്പെടുത്തുന്ന തുക 1,25,259/- രൂപ

2.പ്രീമെട്രിക് ഹോസ്റ്റൽ ദൈനംദിന ചെലവ് - 1,61,656/- രൂപ കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| **നിർവ്വഹണോദ്യോഗസ്ഥൻ** | **പട്ടികജാതി വികസന ഓഫീസർ** |
| പ്രോജക്ട് നം/ പേര് | 28/18,പ്രീമെട്രിക് ഹോസ്റ്റൽ ദൈനം ദിന ചെലവ്. |
| അടങ്കൽ തുക | 5,00,000/-<br>(വികസനഫണ്ട് എസ്.സി.പി) |
| ചെലവഴിച്ച തുക | തുക 4,99,340/-<br>(ബിൽ നം 6/23-11-17 - 32,519/-,<br>ബിൽ നം 5/13-10-17 – 59,388/-<br>ബിൽ നം 4/19-8-17 – 57,330/-,<br>ബിൽ നം 3/19-8-17 – 69,465/-,<br>ബിൽ നം 17/26-3-18 - 2,228/-,<br>ബിൽ നം 18/26-3-18 - 35,080/-,<br>ബിൽ നം 10/9-3-18 - 81,274/-,<br>ബിൽ നം 8/10-2-18 - 1,61,656/-) |

മേൽ പദ്ധതിക്ക് എസ്.സി.പി.ഫണ്ട് ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽനിന്നും നല്കിയ 2,25,556/- (Account transfer) രൂപയും എസ്.സി.പി.ഫണ്ടിൽനിന്നും തിരികെ നല്കിയിട്ടുണ്ടെങ്കിലും ടി തുകയിൽ 1,61,656/- രൂപ പ്രീമെട്രിക് ഹോസ്റ്റലിലെ ദൈനംദിന ചെലവിനുള്ള സാധനങ്ങൾ വാങ്ങിയ സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 1,61,656/- രൂപ ഉപയോഗിച്ച് 2017 ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിലേക്ക് വിവിധ സാധനസാമഗ്രികൾ വാങ്ങിച്ചതിന്റെ രേഖകൾ ഫയലിൽ ഹാജരാക്കിയിട്ടുണ്ട്. തുകകൾ യഥാസ്ഥാപനങ്ങളിലേക്ക് ഒടുക്കുവരുത്തിയതിന്റെ രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽവിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം 9/23-2-19

തടസ്സപ്പെടുത്തുന്ന തുക-1,61,656/- രൂപ

# 3-12 വിദ്യാർത്ഥികൾക്ക് ട്യൂഷൻ-അപാകതകൾ

| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
|---|---|
| പ്രോജക്ട് നം/ പേര് | 110/18, വിദ്യാർത്ഥികൾക്ക് ട്യൂഷൻ. |
| അടങ്കൽ തുക | 4,00,000/-<br>(വികസനഫണ്ട് എസ്.സി.പി), |
| ചെലവഴിച്ച തുക | തുക 3,62,465/-<br>(ബിൽ നം 15/21-3-18 - 14,925/-, ബിൽ നം 14/21-3-18 - 1,28,550/- ബിൽ നം 12/21-3-18 - 1,35,000/- ബിൽ നം 9/9-3-18 - 63,900/-,<br>ബിൽ നം 7/19-2-18 - 20,090/-, |

ബ്ലോക്കുപഞ്ചായത്ത് പരിധിയിലുള്ള 16 സർക്കാർ/എയിഡഡ് സ്കൂളുകളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 10 ാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്, സയൻസ്, കണക്ക് എന്നീ വിഷയങ്ങളിൽ 10 മണിക്കൂർവീതം 30 മണിക്കൂർ ട്യൂഷൻ നല്കി പൊതുപരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കുന്നതിന് സഹായിക്കുന്ന നൂതന പദ്ധതിയായാണ് മേൽ പദ്ധതി നിർവ്വഹിച്ചിരിക്കുന്നത്. അതാത് സ്കൂളുകളിലെ പ്രസ്തുത വിഷയങ്ങളിൽ ക്ലാസ്സുകളെടുക്കുന്ന അധ്യാപകരെക്കൊണ്ട് ക്ലാസ്സുകളെടുത്ത് വിദ്യാർത്ഥികൾക്ക് ഉന്നതവിജയം ലഭ്യമാക്കുന്നതിന് വേണ്ടി പദ്ധതി ലക്ഷ്യം വച്ചു. ക്ലാസ്സുകളെടുക്കുന്ന അധ്യാപകർക്ക് മണിക്കൂറിന് 400/- രൂപ നിരക്കിലും വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണ ചെലവിനത്തിൽ പ്രതിദിനം 15 രൂപനിരക്കിലും വിദ്യാർത്ഥികൾക്ക് പഠന സാമഗ്രികൾ വാങ്ങുന്നതിന് 75/- രൂപ നിരക്കിലും ഹെഡ് മാസ്റ്റർക്ക് മേൽനോട്ടത്തിനായി 1,500/- രൂപ നിരക്കിലും നല്കുന്ന തരത്തിലാണ് സാമ്പത്തിക വിശകലനം നടത്തിയിരിക്കുന്നത്.

മേൽ പദ്ധതിയിൽ മുകളിൽ സൂചിപ്പിച്ച ചെലവുകൾക്കും അധ്യാപക പരിശീലന ക്ലാസ്സുകൾക്കും പദ്ധതി സംഘാടക ചെലവുകൾക്കുമായി 3,62,465/- രൂപ ചെലവഴിച്ചിട്ടുണ്ട്. 75% സ്കൂളുകളിൽ അധ്യയന ദിവസങ്ങളിൽ വൈകിട്ട് ഒരു മണിക്കൂർ ക്ലാസ്സ് വീതം 30 ദിവസം കൊണ്ട് ക്ലാസ്സ് തീർക്കുന്ന രീതിയിലും ഏതാനും സ്കൂളുകളിൽ രാവിലെയും വൈകിട്ടും ഒരു മണിക്കൂർ വീതം 15 ദിവസം കൊണ്ട് ക്ലാസ്സ് തീർക്കുന്ന രീതിയിലും ക്ലാസ്സുകൾ നടത്തിയതായാണ് ഹാജർ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്. ടി മൂന്ന് വിഷയങ്ങളിൽ ഒരു അധ്യയന വർഷത്തെ പാഠ്യവിഷയങ്ങൾ 10 മണിക്കൂർ കൊണ്ട് പഠിപ്പിച്ച് ഉന്നത വിജയം

കരസ്ഥമാക്കുന്നതിന് സഹായിച്ചു എന്നാണ് ഹെഡ് മാസ്റ്റർമാർ അവകാശപ്പെടുന്നത്. കുട്ടികളുടെ ഹാജർ വിവരം, ടീച്ചർമാരുടെ ഹാജർ വിവരം, മറ്റ് ചെലവുകളുടെ വൗച്ചറുകൾ , ക്ലാസ്സ് തുടങ്ങുന്നതിന് മുൻപും ശേഷവും നടത്തിയ ക്ലാസ്സ് ടെസ്റ്റുകളുടെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ മേൽ വിദ്യാർത്ഥികളുടെ പൊതുപരീക്ഷയിലെ മാർക്ക് ലിസ്റ്റിന്റെ പകർപ്പുകളോ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മോണിറ്ററിംഗ് റിപ്പോർട്ടോ ടി ക്ലാസ്സുകൾ പ്രയോജനപ്പെട്ടതായുള്ള വിദ്യാർത്ഥികളുടെയോ രക്ഷകർത്താക്കളുടെയോ സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥൻപോലും ഒരു സ്കൂളിലും സന്ദർശനം നടത്തിയതായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം 9/23-2-19,

തടസ്സപ്പെടുത്തിയ തുക-3,62,465/- രൂപ

## 3-13 പ്രവർത്തനം ആരംഭിക്കാത്ത കാർഷിക ഉത്പന്ന സംഭരണ വിതരണ കേന്ദ്രത്തിന് തുക ചെലവഴിച്ചു.

അടങ്കൽ-10,00,000

ചെലവ്-10,00,000(ബിൽ നം.3/17-18/16.3.18)

കാർഷിക ഉത്പന്ന സംഭരണ വിതരണകേന്ദ്രം എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിനായി കൃഷി അസി.ഡയറക്ടർ ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്.

| സ്ഥാപനത്തിന്റെ പേര് | നൽകിയ തുക |
|---|---|
| KAICO | 3,48,944 |
| Agri Produce ,Procurement & Distribution Centre | 1,05,211 |
| TV Sundaram Iyengar &sons Ltd.Kilikkollur | 5,45,845 |

കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ നേരിട്ട് സംഭരിച്ച് സൂക്ഷിച്ച് ന്യായവിലയ്ക്ക് ഉപഭോക്താവിന് വിതരണം ചെയ്യുന്നതിനായി ടി പദ്ധതി ആവിഷ്കരിച്ചു. ഇതിന്റെ നടത്തിപ്പിനായി 10 പേരുള്ള ഒരു ഗുണഭോക്തൃഗ്രൂപ്പിനെ ബ്ലോക്കുകമ്മിറ്റിയുടെ 3.1.2018 ലെ അടിയന്തിര കമ്മിറ്റിയുടെ 1(2) നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. കാർഷിക ഉത്പന്ന സംഭരണ വിതരണകേന്ദ്രത്തിന് ആവശ്യമായ ഭൗതികസാഹചര്യം

ഒരുക്കുന്നതിനായി തുക ചെലവഴിച്ചു. പ്രോജക്ട് പരിശോധിച്ചതിൻ പ്രകാരമുള്ള വിവരങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

പ്രോജക്ടിന്റെ ഭാഗമായി മിനി ട്രക്ക് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ റ്റി.വി സുന്ദരം അയ്യങ്കാർ & സൺസ് പ്രൈവറ്റ് ലിമിറ്റഡ്, കിളികൊല്ലൂർ എന്ന സ്ഥാപനത്തിന്റെ കുറഞ്ഞ നിരക്കായ 4,84,195 രൂപ രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിച്ചു (28.2.2018 ലെ II(2) നം.തീരുമാനം). എന്നാൽ വാഹനവിലയായി 5,04,395 രൂപയും ഇൻഷുറൻസ്, റോഡ് ടാക്സ് ഉൾപ്പെടെ 5,45,845 രൂപ സ്ഥാപനത്തിന് നൽകി. വാഹനത്തിന്റെ വിലയായി ക്വോട്ടുചെയ്ത തുകയിലും അധികമായി 20,200 രൂപ നൽകി.

ഫർണ്ണിച്ചർ, ഇലക്ട്രിഫിക്കേഷൻ എന്നിവയ്ക്കായി 3,48,944 രൂപ KAICO യ്ക്ക് നൽകിയിട്ടുണ്ട്. KAICO യുടെ ബില്ലിൽ Exhaust fan വാങ്ങിയയിനത്തിൽ 2,500 രൂപ നിരക്കിൽ 2 എണ്ണം 5,750 എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

കൊട്ടാരക്കര ചന്തമുക്കിലുള്ള കാർഷിക സംഭരണകേന്ദ്രത്തിന്റെ പ്രവർത്തനം നടക്കുന്നില്ല എന്നും വാങ്ങിയ വാഹനം ഉപയോഗിച്ച് മൊബൈൽ യൂണിറ്റായി പ്രവർത്തനം ആരംഭിക്കുന്നതിനും പൂയപ്പള്ളി മാർക്കറ്റിൽ കാർഷിക സംഭരണകേന്ദ്രം നടത്തുന്നതിനുള്ള അനുവാദം വാങ്ങുന്നതിനുമായി കൃഷി അസി.ഡയറക്ടറെ ചുമതലപ്പെടുത്തിയതായും 28.12.2018 ലെ II(8) ലെ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. ടി കേന്ദ്രം നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടു.

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയോടൊപ്പം തുക തിരികെ ലഭിച്ചതിന്റെയും ചെലവഴിച്ച തുകയുടേയും രേഖകൾ ഹാജരാക്കി. അധികമായി ടി. വി. സുന്ദരം അയ്യങ്കാർ & സൺസിന് ട്രക്ക് വാങ്ങിയയിനത്തിൽ 20,200 രൂപ നൽകിയതിൽ 14.11.2018 ൽ 62867 നം. ചെക്കുപ്രകാരം 17,051 രൂപ കൃഷി അസി.ഡയറക്ടറുടെ പേരിൽ തിരികെ ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക വാഹനത്തിന് പെയിന്റിംഗ്, ഫ്യുവൽ ക്യാപ്പ് എന്നിവയ്ക്കായി ചെലവഴിച്ചു. തിരികെ ലഭിച്ച തുക വിതരണകേന്ദ്രത്തിന്റെ കാനറാ ബാങ്ക് അക്കൗണ്ട് നം.2681101017948 ൽ നിക്ഷേപിച്ചിട്ടുണ്ട്. 3,48,944 രൂപ KAICO യ്ക്ക് നൽകിയതിൽ അലൂമിനിയം ബോർഡ്,എക്സ്ഹോസ്റ്റ് ഫാൻ എന്നിവയ്ക്കായി അനുവദിച്ച 17,250 (11500+5750)രൂപയും ചെക്ക് നം.504377/22.2.2019 പ്രകാരം കൃഷി അസി.ഡയറക്ടറുടെ പേരിൽ തിരികെ ലഭിച്ചിട്ടുണ്ട്. കൂടാതെ 1,05,211 രൂപ പ്രവർത്തന ഫണ്ടിനത്തിൽ വിതരണകേന്ദ്രത്തിന്റെ മേൽ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി ബാങ്ക് അക്കൗണ്ടിൽ 10.1.2019 ൽ 1,15,491 രൂപ ശേഷിക്കുന്നു.

എന്നാൽ, ധനവിനിയോഗ മാർഗ്ഗരേഖ ജി.ഒ.(പി)177/2006 ധനം 12.4.2006 പ്രകാരം ആവശ്യത്തിന് മാത്രം തുക പിൻവലിക്കേണ്ടിയിരുന്നപ്പോൾ തുക മുൻകൂർ

പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. വിനിയോഗിക്കാത്ത ഫണ്ടുകൾ സഞ്ചിതനിധിയിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ഗ്രൂപ്പുകളെയാണ് ബ്ലോക്കു പഞ്ചായത്തു കമ്മിറ്റിയിൽ അംഗീകരിച്ചതെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃഗ്രൂപ്പിനെ ഉൾപ്പെടുത്തി പ്രോജക്ട് നടപ്പിലാക്കേണ്ടതാണ്.

വാങ്ങിയ ഫർണ്ണിച്ചർ എവിടെ സൂക്ഷിക്കുന്നുവെന്നതു സംബന്ധിച്ചും വിവരങ്ങൾ ലഭ്യമാക്കുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹനം ഉൽപ്പന്ന സംഭരണവിതരണ മൊബൈൽ യൂണിറ്റായി പ്രവർത്തിച്ചുവരുന്നതായി കൃഷി അസി. ഡയറക്ടർ അറിയിച്ചിട്ടുണ്ട്. KL-24 Q 2359-ാം നം. MAHINDRA SUPRO വാഹനം നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ 23.3.18 ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ ടി വാഹനത്തിന്റെ കസ്റ്റോഡിയൻ ആയതിനാൽ വാഹനത്തിന്റെ പ്രവർത്തനവും പദ്ധതിയുടെ നടത്തിപ്പും കൃത്യമായ ഇടവേളയിൽ മോണിറ്റർ ചെയ്യേണ്ടതുമാണ്. കർഷകർക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ കാർഷിക ഉത്പന്ന സംഭരണ വിതരണകേന്ദ്രം പ്രവർത്തനം ആരംഭിക്കുന്നതിന് വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.
എൻക്വയറി നം. 3/22.2.19

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത് | 2017-18 | 8,44,000 | തച്ചക്കോട് ആലുമുക്ക് തച്ചർ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 8,44,000 | |
| കരീപ്ര ഗ്രാമ പഞ്ചായത്ത് | 2017-18 | 2,00,000 | പിഎംഎവൈ | 2,00,000 | |

| | | | | | |
|---|---|---|---|---|---|
| പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത് | 2017-18 | 1,65,000 | പിഎംഎവൈ | 1,65,000 | |
| വെളിയം ഗ്രാമ പഞ്ചായത്ത് | 2017-18 | 6,95,000 | പിഎംഎവൈ | 6,95,000 | |
| നെടുവത്തൂർ ഗ്രാമ പഞ്ചായത്ത് | 2017-18 | 20,000 | പിഎംഎവൈ | 20,000 | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 18,36,607 | പിഎംഎവൈ | 18,36,607 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വെങ്കുഴി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 247711952 | 8,50,000 | | 8,50,000 |
| കേരള വാട്ടർ അതോറിറ്റി | പനവിള കോളനിപൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 248056540 | 5,00,000 | | 5,00,000 |
| കേരള വാട്ടർ അതോറിറ്റി | തച്ചക്കോട് ആല്വമുക്ക് തച്ചർകോളനിപൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 432184104 | 14,44,000 | | 14,44,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാ രംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ എ വൈ വായ്പ | 90/13ത.സ്വ.ഭ.വ തീ 14-03-2013 | 1,07,20,488 | 1,69,27,036 | 7,00,000 | 2,73,432 | 16,22,70,036 |

തിരിച്ചടയ്ക്കാൻ 2017-18 സാമ്പത്തിക വർഷാരംഭത്തിൽ ബാക്കിയുണ്ടായിരുന്ന തുക 2016-17 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

# 4-5 സ്ഥിര നിക്ഷേപം

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 36,004/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13,2013-14 | 3-8 | 510 | വിവരം ലഭ്യമല്ല. | ചെലാൻ നം 61 തീ 03-09-2015 |
| 2015-16 | 3-3 | 35,494 | ശ്രീമതി. സുനില അസി.എഞ്ചിനീയർ | 040107072018000028, തീ07-07-2018 |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പുപ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 3-17 | 2014-15 | 4.1.15 | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ നിഷ്ക്രിയ ആസ്തികൾ | വിവരം ലഭ്യമാക്കിയിട്ടില്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 15,81,20,526 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 15,30,20,269 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9,81,93,380/- |

**(ബി).** **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 12,36,000/- | ശ്രീ. എം.എസ്. അനിൽ കുമാർ, സെക്രട്ടറി |
| 3-2 | 22,44,000/- | ശ്രീ. എം എസ്. അനിൽ കുമാർ, സെക്രട്ടറി |
| 3-6 | 20,00,000/- | ശ്രീമതി.ബീനാ.ബി.എച്ച്,ക്ഷീര |

| | | |
|---|---|---|
| | | വികസന ഓഫീസർ |
| 3-7 | 30,00,000/- | ശ്രീമതി.ബീനാ.ബി.എച്ച്,ക്ഷീര വികസന ഓഫീസർ |
| 3-8 | 2,50,000/- | ശ്രീ.ബിജു,വ്യവസായ വികസന ഓഫീസർ |
| 3-9 | 4,40,000/- | ഡോ.ജ്യോതിലാൽ ,മെഡിക്കലോഫീസർ |
| 3-11-1 | 1,25,259/- | ശ്രീ.സുനിൽ,പട്ടികജാതി വികസന ഓഫീസർ |
| 3-11-2 | 1,61,656/- | ശ്രീ.സുനിൽ,പട്ടികജാതി വികസന ഓഫീസർ |
| 3-12 | 3,62,465/- | ശ്രീ.സുനിൽ,പട്ടികജാതി വികസന ഓഫീസർ |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
|---|---|---|
| ശ്രീ. എം.എസ്. അനിൽ കുമാർ, (സെക്രട്ടറി) | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് ചിറ്റുമല | നിത്യചൈതന്യഭവനം തെക്കേമുറി ഈസ്റ്റ് കല്ലട (പി.ഓ) കൊല്ലം |
| ശ്രീമതി.ബീനാ.ബി.എച്ച്, ക്ഷീര വികസന ഓഫീസർ | ക്ഷീര വികസന ഓഫീസർ മുഖത്തല | ശീതൾ മനക്കര (പി.ഓ) ശാസ്താംകോട്ട |
| ശ്രീ.ബിജു റ്റി.എസ് , | താലൂക്ക് | മിലൻ കോട്ടപ്പുറം |

| | | |
|---|---|---|
| വ്യവസായ വികസന ഓഫീസർ | വ്യവസായ വികസന ഓഫീസർ കൊട്ടാരക്കര | പുലമൺ (പി.ഓ) കൊട്ടാരക്കര |
| ഡോ. ജ്യോതിലാൽ ,മെഡിക്കലോഫീസർ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി നെടുമൺകാവ് | ഇളം പ്ലാവിൽ കരിങ്ങന്നൂർ (പി.ഓ) ഓയൂർ |
| ശ്രീ.സുനിൽ, പട്ടികജാതി വികസന ഓഫീസർ | അസി.ഡവലപ്മെന്റ് ഓഫീസർ, ജില്ലാ പട്ടികജാതി വികസന ഓഫീസ് കൊല്ലം | മല്ലപള്ളിൽ വിളാമ്പ നെല്ലിക്കുഴി (പി.ഓ) കോതമംഗലം. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |
| 2000-2001 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |
| 2001-2002 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |
| 2004-05 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |
| 2005-06 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |
| | |

| | |
|---|---|
| 2006-07 | LFQ(DB)1376(5)/14/23.06.14 |
| 2007-08 | LFQ(DB)1376(4)/14/23.06.14 |
| 2008-09 | LFQ(DB)1376(3)/14/23.06.14 |
| 2009-10 | LFQ(DB)1376(2)/14/23.06.14 |
| 2010-11<br><br>2011-12 | LFQ(DB)1376(1)/14/23.06.14 |
| 2012-13<br><br>2013-14 | LFQ(DB)2606/2014/28.02.15 |
| 2014-2015 | K.S.A.K.L.M.D.B-1813/16/1.2.17 |
| 2015-16 | K.S.A.K.L.M.D.B 527/2017,<br><br>തീയതി. 22.07.17 |
| 2016-17 | K.S.A.K.L.M.p6/1982/2017,<br><br>തീയതി. 27.11.17 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.എൽ.എം.പി-6/286/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം
ഫോൺ. 0474-2740141
Email. doklm.ksad@kerala.gov.in
തീയതി. 4/4/19

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 ലെ വാർഷികധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.

# അനുബന്ധം-2 സംക്ഷിപ്തം (Audited Abstract)

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ല ഓഡിറ്റ് ,കൊല്ലം**